## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 622** 31.10.2016-ൽ മറുപടിക്ക്

## മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്ന പദ്ധതി

**ചോദ്യം**

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**,, ഐ.സി.ബാലകൃഷ്ണൻ**
**,, കെ.എസ്.ശബരീനാഥൻ**
**,, എൽദോസ് കുന്നപ്പിള്ളി**

**മറുപടി**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്ന പദ്ധതി ഏതു ഘട്ടത്തിലാണ്; | (എ) & (ബി) | ഗവർണറുടെ 2016-17 നയപ്രഖ്യാപന പ്രസംഗത്തിൽ സംസ്ഥാനത്തിലെ എല്ലാ മെഡിക്കൽ കോളേജുകളേയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ PMSSY എന്ന പദ്ധതിയിൽപ്പെടുത്തി കോഴിക്കോട്, ആലപ്പുഴ എന്നീ മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റികൾ ശക്തിപ്പെടുത്താനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. |
| ബി) | ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭ്യമാണോ; വിശദാംശം നൽകുമോ; | | |
| (സി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ ഏത് മെഡിക്കൽ കോളേജിനെയാണ് ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ പദവിയിലേക്ക് ഉയർത്തുവാൻ നിശ്ചയിച്ചിട്ടുള്ളത്; ഇതിനായി കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജിനെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ പദവിയിലേയ്ക്ക് ഉയർത്തുന്നതിനായുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്. പ്രോജക്ട് റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**